
# Lourde Voice

# ലൂർദ്ദ് വോയ്സ്

SEP - OCT 2023



## LOURDES FORANE CHURCH

GANDHIPURAM, COIMBATORE

www.lourdesforane.com

www. lourdematrimonial.com






Commercial Wet Grinder
Available in 3 to 20 Liters




Conventional
Tilting Grinder




Commercial Coconut Scrapper



Commercial Tilting Grinder
Available in 5 to 25 Liters



Commercial Atta Kneader

**BEETEX®**
**INDUSTRIES**

808, V.K.K. Menon Road, New Sidhapudur,
Coimbatore - 641 044. Ph : 0422 - 2520279, 4387279,
E-mail : beetexgrinderscbe@yahoo.com
Website : www.beetexgrinders.com



# ലൂർദ്ദ് വോയ്സ്

ഗാന്ധിപുരം, കോയമ്പത്തൂർ

WWW.LOURDESFORANE.COM

പുസ്തകം 1 | സെപ്റ്റംബർ – ഒക്ടോബർ | ലക്കം 9

കുർബ്ബാനസമയം:
തിങ്കൾ മുതൽ ശനി വരെ
രാവിലെ 6.15നും വൈകിട്ട്
6.00നും

ലൂർദ്ദ്വോയ്സ് പാരിഷ് ബുള്ളറ്റിൻ,
lourdevoicegandhipuram@gmail.com

കുർബ്ബാനസമയം
ഞായർ രാവിലെ 6.15, 8.15.,
10.30,
വൈകിട്ട് 5.30

EDITOR
Fr. Shajan Cheeramban
Ph: 8015371008

SUB EDITOR CUM TRESURER
Fr. Joseph Ariyapaallil MCBS
Ph: 9446926203

SECRETARY
Ajimol Antony

CONVENOR
Joffy Jose

EDITORIAL BOARD
Sr. Mercita FCC
Deepa Biju
Tina Felix
Fenila Joju

LOURDE VOICE PRO
C G Antony

KAIKKARS
Mr. P.V Francis
Mr. C.F Poulson
Mr. Hinson P.K

എഡിറ്റോറിയൽ

ഇടയമൊഴി

Choosing Humanity on Life's Tracks

ഇടവക വാർത്തകൾ

SMYM NEWS

സംഘടനാവാർത്തകൾ


ഓർമ്മിക്കേണ്ട ദിവസങ്ങൾ

സഭാവാർത്തകൾ

Catechism News

Kids Corner

Marian Knowledge



എഡിറ്റോറിയൽ



അജിമോൾ ആന്റണി

# കണ്ണീരുണങ്ങാത്ത മണിപ്പൂർ

മണിപ്പൂർ മുഖ്യമന്ത്രിയുടെ ഈ വർഷത്തെ സ്വാതന്ത്ര്യദിനാഘോഷ ച്ചടങ്ങിലെ സന്ദേശത്തിന്റെ തലക്കെട്ടായിരുന്നു"Forgiving and Forgetting". അതായത് 'പൊറുക്കലും' 'മാപ്പുകൊടുക്കലും'. ഭരണഘട നാധിഷ്ഠിത ജനാധിപത്യ രാജ്യത്തിൽ ഒരുതരത്തിലും അംഗീകരിക്കാ നാകാത്ത അതിക്രമങ്ങൾ ഏറ്റുവാങ്ങിയ മണിപ്പൂർ ജനതക്ക് പൊള്ളയായ വാഗ്ദാനങ്ങളും നിരർത്ഥകമായ വാക്കുകളും നിരത്തിയ പ്രസംഗം എത്രകണ്ട് ഉൾക്കൊള്ളാനാകും എന്നറിയില്ല. മെയ് മൂന്നാം തിയ്യതി പൊട്ടിപ്പുറപ്പെട്ട കലാപത്തിന്റെ ഇനിയും അണയാത്ത തീനാള ങ്ങൾ ഉള്ളിലൊതുക്കി ജീവിക്കുന്ന മണിപ്പൂർ നിവാസികൾ; ഉറ്റവരും, ജീവനോപാധിയും നഷ്ടപ്പെട്ടവർ, സ്വന്തമായതെല്ലാം നിമിഷങ്ങൾക്കു ള്ളിൽ കത്തിച്ചാമ്പലാകുന്ന കാഴ്ചയുടെ നടുക്കത്തിൽ നിന്നും മുക്തരാ കാത്തവർ, എല്ലാം നഷ്ടപ്പെട്ട് അന്യസംസ്ഥാനങ്ങളിലേക്ക് പാലായനം ചെയ്തവർ കണ്ണീരുണങ്ങാത്ത മണിപ്പൂർ ഒരു ഓർമ്മപ്പെടുത്തലാണ്. ലോകത്തെ ഏറ്റവും വലിയ ജനാധിപത്യരാജ്യമെന്ന് അവകാശപ്പെടുന്ന ഇന്ത്യയിൽ നടക്കുന്ന സംഭവങ്ങൾ മനുഷ്യമനസ്സാക്ഷിയെത്തന്നെ ഞെട്ടിക്കുന്നു.

രണ്ടു ഗോത്രങ്ങൾ തമ്മിലുള്ള സംഘർഷമെന്നൊക്കെ പറയപ്പെടു മ്പോഴും ഇരു ഗോത്രങ്ങളിലെയും ക്രൈസ്തവ ആരാധനാലയങ്ങളും ഭവനങ്ങളും തകർക്കപ്പെടുന്നതും ക്രൈസ്തവരെ തെരഞ്ഞുപിടിച്ച് ആക്രമിക്കുകയും കൊലപ്പെടുത്തുകയും ചെയ്യുന്നതുമൊക്കെ ദുഃഖകര മായ വസ്തുതതന്നെ. ഒരു ഗ്രാമം തന്നെ അഗ്നിക്കിരയാക്കുകയും വീടു

കൾ കൊള്ളയടിക്കപ്പെടുകയും ചെയ്തു. സംഘർഷങ്ങൾക്കിടെ സ്ത്രീകൾക്കുനേരെയുണ്ടായ അതിക്രമങ്ങൾ ക്രൂരതയുടെ മറ്റൊരു മുഖംതുറന്നു കാണിക്കുന്നു. സ്ത്രീത്വത്തെ അപമാനിച്ച് ദൃശ്യങ്ങൾ പകർത്തി വീഡിയോ സമൂഹമാധ്യമങ്ങളിൽ പ്രദർശിപ്പിക്കുന്ന സാഹചര്യങ്ങൾപോലും ഉണ്ടായി.

സാധാരണക്കാരായ മനുഷ്യരുടെ ദുഃഖങ്ങളുടെ നടുവിലും ഏറെ ആശങ്കപ്പെടുത്തിയ ഒന്നാണ് അധികൃതരുടെ മൗനം. മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ടസർക്കാർ സംവിധാനങ്ങൾ നോക്കുകുത്തിയായി നിലകൊള്ളുന്നു. അക്രമം അത് എന്തിന്റെ പേരിലായാലും അപലപിക്കപ്പെടേണ്ടതും ഒഴിവാക്കപ്പെടേണ്ടതുമാണ്. അടിച്ചമർത്തപ്പെടുന്ന ദുർബലവിഭാഗങ്ങൾക്കുവേണ്ടിയാണ് എല്ലാ മനുഷ്യാവകാശ നിയമങ്ങളും നിർമ്മിക്കപ്പെടുന്നത്. എന്നാൽ ദുർബലരെ വേട്ടയാടുന്ന വേട്ടക്കാരാണ് ഇന്നത്തെ മനുഷ്യാവകാശ നിയമങ്ങളുടെ ഗുണഭോക്താക്കൾ. ഭരണഘടന ഉറപ്പാക്കുന്ന മൗലികാവകാശങ്ങൾ സംരക്ഷിക്കപ്പെടാനും, ജാതി, മത, വർഗ്ഗ വർണ്ണഭേദമന്യേ ഏവർക്കും സുരക്ഷിതമായി ജീവിക്കാനുള്ള സാഹചര്യം രാജ്യത്ത് ഉണ്ടാകണം.

സംഘർഷ ഭൂമിയിൽ നിന്ന് പാലായനം ചെയ്തവരുടെ പുന:രധിവാസം, ജീവനോപാധികൾ, വിദ്യാഭ്യാസം, തൊഴിൽമേഖലകൾ എല്ലാം സർക്കാരിന്റെ അടിയന്തിര ശ്രദ്ധ പതിയേണ്ടകാര്യങ്ങളാണ്. അക്രമം അടിച്ചമർത്തി സമാധാനത്തോടെ സുരക്ഷിതരായി ഈ രാജ്യത്ത് ജീവിക്കാൻ സാധാരണ ജനങ്ങൾക്ക് അവസരമൊരുങ്ങണം. സർക്കാർ സംവിധാനങ്ങൾ ഉണർന്നു പ്രവർത്തിച്ചില്ലെങ്കിൽ ‘മണിപ്പൂർ’ഇനിയും ആവർത്തിക്കില്ലെന്നുറപ്പുണ്ടോ?

# ഇടയമൊഴി



**ഫാ. ഷാജൻ ചീരമ്പൻ**
വികാരി

ഈശോയിൽ സ്നേഹമുള്ള സഹോദരങ്ങളെ, എല്ലാവര്ക്കും സുഖമാണെന്ന് കരുതുന്നു.
ഗാന്ധിപുരം ഇടവകയിലെ എല്ലാ കുടുംബങ്ങൾക്കും ഈശോയുടെ സമാധാനം ആശംസിക്കുന്നു. നമ്മുടെ എല്ലാവരുടെയും കൂട്ടായ പരിശ്രമത്തിൽ സമാധാനവും ശാന്തവുമായി ഒരായിരം ഓർമ്മകൾ സമ്മാനിച്ച് 'കഴിഞ്ഞ 2 മാസക്കാലം' കടന്നുപോയി. വിയാനിഡേ, ഓഗസ്റ്റ് 15, വിവിധ കുടും ബയൂണിറ്റുകളുടെ തിരുന്നാളുകൾ, ഭാവന സന്ദർശനങ്ങൾ, വിവിധ സങ്കടനകളുടെ മീറ്റിങ്ങുകൾ, പുതിയ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തവരും പൂർത്തിയാക്കിയവരും, ഇങ്ങനെ നീളുന്നു മനസിന്റെ ചെപ്പുതുറക്കു മ്പോൾ സുഗന്ധം പരത്തുന്ന ഓർമ്മകൾ... എല്ലാവർക്കും നിറഞ്ഞമനസോടെ നന്ദി പറയുന്നു.

അടുത്ത 2 മാസങ്ങളും ഇതുപോലെ നമുക്ക് ശാന്തവും സമാധാനവുമായി നല്ല ഓർമ്മകൾ സമ്പാദിക്കാം. ഓണാഘോഷങ്ങളും, മെഗാ മാർഗ്ഗംകളിയും, മാതാവിന്റെ തിരുന്നാളുകളും, മിഷൻ ഞായറും, യുവജന മത്സരങ്ങളും, കുട്ടികളുടെ ധ്യാനവും എല്ലാം നമ്മെ കാത്തിരിക്കുന്നു.

ഏറ്റവും നന്നായി പ്രാർഥിക്കുന്ന ആളെ കണ്ടെത്താൻ ദൈവദൂതൻ ഭൂമിയിലെത്തി. ഒരാളുടെ പ്രാർഥന സ്വന്തം കാര്യം നേടാൻവേണ്ടിയായിരുന്നു. മറ്റൊരാൾ അപരനു നാശമുണ്ടാകാൻ പ്രാർഥിക്കുന്നു.
ചിലർക്കു ചടങ്ങു മാത്രമാണു പ്രാർഥന. അപ്പോഴാണ് ഒരു കൊച്ചുകുട്ടിയുടെ പ്രാർഥന ദൂതൻ കേട്ടത്. അക്ഷരമാല ഒരു പാട്ടിന്റെ ഈണത്തിൽ ചൊല്ലിയ ശേഷം അവൻ പറഞ്ഞു: 'എനിക്ക് എഴുതാനോ വായിക്കാനോ അറിയില്ല. ഈണം ഞാൻ ടിവിയിൽ കേട്ടു പഠിച്ചതാണ്. ഇതിൽനിന്ന് ഇഷ്ടമുള്ള അക്ഷരങ്ങൾ തിരഞ്ഞെടുത്ത് ഇഷ്ടമുള്ള പ്രാർഥനയായി സ്വീകരിക്കണേ...' കുട്ടിയുടേത് ഏറ്റവും മികച്ച പ്രാർഥനയായി ദൂതൻ തിരഞ്ഞെടുത്തു.

ഈ കഥ പറഞ്ഞത് ഇനി വരുന്ന 2 മാസങ്ങൾ പ്രാർത്ഥനയ്ക്കായി കൂടുതൽ നമ്മൾ ശ്രദ്ധ നൽകണം. വാചകമല്ല വിശുദ്ധിയാണു പ്രാർഥന. അധരങ്ങൾ പറയുന്നതല്ല മനസ്സു പറയുന്നതാണ് അർഥന. സെപ്റ്റംബർ മാസം മാതാവിന്റെ ജനന തിരുന്നാളും ഒക്ടോബർ മാസം കൊന്ത മാസവുമായി നമ്മൾ പ്രത്യേകം അനുസ്മരിക്കുകയാണല്ലോ. നമ്മുടെ എല്ലാ വീടുകളിലും ജപമാല ചൊല്ലുന്നുണ്ട് എന്ന് നമുക്ക് ഉറപ്പുവരുത്താം. ഒപ്പം മാതാവ് നമുക്ക് നൽകിയ അനുഗ്രഹങ്ങളെ അനുസ്മരിക്കുകയും ചെയ്യാം. പരിശുദ്ധ അമ്മയുടെ മധ്യസ്ഥത്താൽ ഈശോ നമ്മൾ എല്ലാവരെയും അനുഗ്രഹിക്കട്ടെ.



# Choosing Humanity on Life's Tracks

**Fr. Joseph Ariyappallil MCBS**

Praises be to Jesus the Messiah. Here unfolds a tale: Two railway tracks run alongside each other. One lies dormant, untouched by trains, while the other witnesses' frequent trains passing by. A child finds joy in playing on the track untouched by trains, while a group of ten children gather to play on the track where trains rush through.

Suddenly, the train is about to arrive, and a decision has to be made: which track should the train go to? Now, here's where it gets tricky. Should the train be sent to the track where the single kid is playing, or should it go to the track with the ten kids?

Some might say the train should go to the track with the single kid because it can save ten lives. Even if those ten kids were knowingly putting themselves in danger, this choice would prioritize saving more lives.

Our society seems to resemble this story. Sometimes, even when children play on the track knowing the train is coming, they end up being rescued. Meanwhile, in the quiet zone where no train appears, the child who behaved responsibly and played without disturbing anyone might face consequences. This pattern reflects how life in our world can be.

It often appears that those who make mistakes outnumber others. They are frequently shielded from the consequences. On the contrary, the person who does good deeds might be alone finding themselves facing punishments. This unequal treatment based on actions within a group or alone is something we seen around us.

However, let's not just observe this trend. Instead, let's use our lives and actions as evidence to counteract it. By standing up for what's right and promoting the truth, we can make a change. May we find the strength to support honesty and advocate for the truth in all situations of our life. May God bless you all.

# ഇടവക വാർത്തകൾ

**വീട് വെഞ്ചിരിപ്പ്**

ജൂൺ, ജൂലൈ മാസങ്ങളിൽ വീട് വെഞ്ചിരിപ്പിന് നടത്തി.

**യൂണിറ്റ് മധ്യസ്ഥരുടെ തിരുനാൾ**

ജൂലൈ മൂന്നാം തീയതി വി. തോമസ് ശ്ലീഹായുടെയും, ജൂലൈ ഇരുപത്തിമൂന്നാം തീയതി വി. അൽഫോൻസമ്മയുടെയും, ആഗസ്റ്റ് രണ്ടാം തീയതി വി. ജോൺ മരിയ വിയാനിയുടെയും, ഓഗസ്റ്റ് 15 തീയതി പരിശുദ്ധഅമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളും ഇടവകയിൽ ആഘോഷപൂർവ്വമായ വി. കുർബാനയും, നൊവേനയും, ലദീഞ്ഞും, നേർച്ചയും തിരുന്നാളിന് കൂടുതൽ മനോഹരമാക്കി. ഇതിനെല്ലാം നേതൃത്വം കൊടുത്ത സെന്റ് തോമസ്, സെന്റ് അൽഫോൻസാ, സെന്റ് ജോൺ മരിയ വിയാനി ,സെൻറ്.മേരിസ് യൂണിറ്റുകളിലെ ഭാരവാഹികൾക്കും, അംഗങ്ങൾക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

**മണിപ്പൂർ ജനതയ്ക്ക് ഐക്യദാർഢ്യം**

മണിപ്പൂരിൽ ന്യൂനപക്ഷങ്ങൾക്കെതിരെ നടന്ന അക്രമങ്ങൾക്കെതിരെയുള്ള പ്രതിഷേധയോഗം ബഹുമാനപ്പെട്ട വൈദികരുടെ നേതൃത്വത്തിൽ ഇടവക സമൂഹം പങ്കെടുത്തു.

**സഹായഹസ്തം**

മണിപ്പൂരിൽ ദുരന്തം അനുഭവിക്കുന്ന നമ്മുടെ സഹോദരങ്ങൾക്ക് വേണ്ടി ഇടവക സമൂഹത്തിന്റെ സഹായസഹകരണത്തോടെ 450 കിലോ വസ്ത്രങ്ങൾ ശേഖരിച്ച്, തരംതിരിച്ച് ബന്ധപ്പെട്ടവർക്ക് അയച്ചുകൊടുത്തു. ഇതിന് സഹകരിച്ച ഏവർക്കും നന്ദിയുടെ കൂപ്പുകൈ.

**അഭിവന്ദ്യ പിതാവിന്റെ സന്ദർശനം**

ജൂലൈ മുപ്പതാം തീയതി മാർ പോൾ ആലപ്പാട് പിതാവ് ഇടവകയിലെ വിശ്വാസപരിശീലന വിഭാഗത്തിലെ വിദ്യാർത്ഥികളും അവരുടെ മാതാപിതാക്കളുമായി മീറ്റിംഗ് നടത്തി. അന്നേ ദിനം വിശുദ്ധ കുർബാനയ്ക്ക് പിതാവിന്റെ കാർമികത്വത്തിൽ അർപ്പിച്ചു. അതിനുശേഷം അധ്യാപകരുടെയും, രക്ഷിതാക്കളുടെയും, കുട്ടികളുടെയും സംയുക്ത മീറ്റിംഗ് ഉണ്ടായിരുന്നു. ഇതിന് സഹായിച്ച വിശ്വാസ പരിശീലനം പ്രധാനാധ്യാപിക സി. ജിസ് മാത്യു എഫ്.സി.സി. ക്കും, അധ്യാപകർക്കും, പി.ടി.എ ഭാരവാഹികൾക്കും, മാതാപിതാക്കൾക്കും, കുട്ടികൾക്കും പ്രത്യേകം അഭിനന്ദനങ്ങളും , നന്ദിയും അറിയിക്കുന്നു.

**ഇൻഡോർ ഗെയിംസ്**

ഞായറാഴ്ചകളിൽ വൈകുന്നേരം കുർബാനയ്ക്കുശേഷം നമ്മുടെ

ഇടവകയിലെ മുതിർന്ന അപ്പച്ചന്മാർക്ക് വേണ്ടി കാരംസ് ഗെയിംസ് നടക്കുന്നു. രാത്രി 9 മണിക്ക് അവസാനിപ്പിക്കുന്നതാണ്.

**ദൈവാലയ ശുചീകരണം**

ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ പള്ളി വൃത്തിയാക്കുന്നതിന് നേതൃത്വം കൊടുത്ത സെന്റ് ആൻറണി, സെന്റ് ജോർജ് യൂണിറ്റ് ഭാരവാഹികൾക്കും, സഹായിച്ച അംഗങ്ങൾക്കും ഒത്തിരി നന്ദി. സെപ്റ്റംബർ മാസം സെന്റ് മേരിസ് യൂണിറ്റും, ഒക്ടോബർ മാസം സെന്റ് തോമസ് യൂണിറ്റും പള്ളി വൃത്തിയാക്കുന്നതിന് നേതൃത്വം കൊടുക്കേണ്ടതെന്ന് ഓർമിപ്പിക്കുന്നു.

**ആദരം**

ജൂലൈ 30-ാം തീയതി സ്ഥാനം ഒഴിഞ്ഞ കൈക്കാരന്മാർക്കും, അവരുടെ കുടുംബാംഗങ്ങൾക്കും, വിവിധ മേഖലകളിൽ പ്രവർത്തിച്ച വ്യക്തികൾക്കും അഭിവന്ദ്യ മാർ പോൾ ആലപ്പാട്ട് പിതാവ് മെന്റോ നൽകി ആദരിച്ചു. കഴിഞ്ഞ വർഷങ്ങളിൽ പള്ളിയുടെ കൈക്കാരന്മാരായി സുത്യർഹമായ സേവനം ചെയ്ത മിസ്റ്റർ പി.കെ ആന്റണിക്കും, മിസ്റ്റർ സി.ജി ആന്റണിക്കും, മിസ്റ്റർ വി.എം ആന്റണിക്കും അവരുടെ കുടുംബാംഗങ്ങൾക്കും, പ്രതിനിധിയോഗ സെക്രട്ടറിയായി പ്രവർത്തിച്ച മിസ്റ്റർ പോൾ മാത്യുവിനും, പി.ആർ.ഓ ആയി പ്രവർത്തിച്ച മിസ്റ്റർ എം.എ. ജെയിംസിനും, അവർ ചെയ്ത ശുശ്രൂഷയ്ക്ക് ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് ആശംസിക്കുന്നതോടൊപ്പം ഹൃദ്യമായ നന്ദിയും രേഖപ്പെടുത്തുന്നു.

**പുതിയ കൈക്കാരന്മാരുടെ സ്ഥാനാരോപണം**

പുതിയ കൈക്കാരന്മാരായി മിസ്റ്റർ ഹിൻസൺ പേരാമംഗലത്തും, മിസ്റ്റർ. പോൾസൺ ചെറുവത്തൂർ, മിസ്റ്റർ ഫ്രാൻസിസ് പനങ്ങാട്ട് വിശുദ്ധ ഗ്രന്ഥം സാക്ഷിയാക്കി പ്രതിജ്ഞ വാചകം ചൊല്ലിയും, പള്ളിയുടെ വരവ് ചെലവ് പുസ്തകവും, താക്കോൽ നൽകി സ്ഥാനം ഏറ്റെടുക്കുകയും ചെയ്തു. അവരുടെ പ്രവർത്തനങ്ങൾക്ക് ആശംസകളും, പ്രാർത്ഥനകളും നേരുന്നു.

**നന്ദിയോടെ**

മൂന്നുവർഷ കാലാവധി പൂർത്തിയാക്കിയ പ്രതിനിധി യോഗ അംഗങ്ങളായി സേവനമനുഷ്ഠിച്ചവർക്ക് നന്ദിയും, ഉപഹാരവും നൽകി ആദരിച്ചു.

**വിയാനി ഡേ**

വിശുദ്ധ ജോൺ മരിയവിയാനിയുടെ തിരുനാളിനോട് അനുബന്ധിച്ച് പിതൃവേദിയുടെ നേതൃത്വത്തിൽ നമ്മുടെ ഫൊറോനയിൽ ശുശ്രൂഷ ചെയ്യുന്ന വൈദികരും, നമ്മുടെ ഇടവകയിൽ നിന്നും പട്ടം സ്വീകരിച്ച വൈദികരും ഒരു ഫൊറോന പള്ളി എന്ന രീതിയിൽ നാം നമ്മുടെ വൈദികർക്ക് ചെയ്യുന്ന ത്യാഗപൂർവമായ ശുശ്രൂഷയെ സ്നേഹപൂർവ്വം

ഓർമ്മിക്കുകയും, അവർക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ചെയ്യു ന്നതിന്റെ ഭാഗമായി ഓഗസ്റ്റ് രണ്ടാം തീയതി ഉച്ചതിരിഞ്ഞ് ആറുമണിക്ക് എല്ലാ വൈദികരും ചേർന്ന് സമൂഹബലി അർപ്പിച്ചു. അതിനുശേഷം പൊതുസമ്മേളനത്തിൽ പ്രയർ ഡാൻസ്, വൈദികരെ ആദരിക്കൽ, പിതൃ വേദി അംഗങ്ങളുടെ നേതൃത്വത്തിൽ നാടകം, സ്നേഹവിരുന്നും ഉണ്ടായി രുന്നു. ഇതിന് സഹായസഹകരണങ്ങൾ ചെയ്ത സിസ്റ്റേഴ്സ്, കൈക്കാര ന്മാർ, സംഘടനകൾ, കായിക സംഘം, അൾത്താരസംഘം, കപ്യാർമാർ ക്കും, അന്ന് സന്നിഹിതരായ എല്ലാവർക്കും ഒത്തിരി സ്നേഹത്തോടെ നന്ദിയുടെ നൽ മലരുകൾ നേരുന്നു.

**രൂപത വിശ്വാസ പരിശീലനം പി.ടി.എ ട്രഷറർ**

രൂപതാ വിശ്വാസ പരിശീലനം പിടിഎ ട്രഷററായി നമ്മുടെ ഇടവകാം ഗമായ മിസ്റ്റർ എ.ജി ഷാജു തിരഞ്ഞെടുക്കപ്പെട്ടു ആശംസകൾ നേരുന്നു.

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണവും, സ്വാതന്ത്ര്യദിനാഘോഷവും

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണവും, 77 സ്വാതന്ത്ര്യദിനാഘോഷവും സംയുക്തമായി ഓഗസ്റ്റ് 15 തീയതി പരിശുദ്ധ കുർബാനയും, നൊവേനയും, ലദീഞ്ഞും, ഭാരതത്തിനു വേണ്ടി പ്രാർത്ഥിച്ചും ആഘോഷപൂർവ്വം ആഘോ ഷിച്ചു. അതിനുശേഷം ത്രിവർണ പതാക ഉയർത്തുകയും ചെയ്തു.

**അനുശോചനം**

മേരി റാണി കോൺവെൻറ് അംഗവും, ദൈവാലയ ശുശ്രൂഷകയുമായ ബഹുമാനപ്പെട്ട സിസ്റ്റർ ലിസ ജോർജ് എഫ്സിസിയുടെ മാതാവിന്റെ നിര്യാണത്തിൽ ഗാന്ധിപുരം ഇടവക സമൂഹം അനുശോചനം രേഖപ്പെടു ത്തുകയും, പ്രാർത്ഥിക്കുകയും ചെയ്തു.

**അൾത്താര ബാലന്മാർ**

അൾത്താര ബാലന്മാരുടെ മധ്യസ്ഥനായ വിശുദ്ധ ജോൺ ബാർക്ക്മെൻസ് തിരുന്നാൾ ഓഗസ്റ്റ് ഇരുപതാം തീയതി ആഘോഷിച്ചു. അന്നേദിവസം വിശുദ്ധ കുർബാനയ്ക്ക് അൾത്താര ബാലന്മാരുടെയും, അവരുടെ മാതാ പിതാക്കളുടെയും കാഴ്ച സമർപ്പണവും ചെയ്തും മനോഹരമാക്കി. അതിനുശേഷം അൾത്താര ബാലന്മാർക്കും, മാതാപിതാക്കൾക്കും സംയു ക്ത മീറ്റിങ്ങും, ഉപഹാരവും, സ്നേഹവിരുന്നും നൽകി അവരെ പ്രോത്സാ ഹിപ്പിച്ചു.

**ഫൊറോന അൾത്താര ബാലന്മാരുടെ സെക്രട്ടറി**

നമ്മുടെ അൾത്താര ബാലൻ ആയ സിറിൽ പ്രവീൺ ഫൊറോന അൾത്താ രബാലന്മാരുടെ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു അഭിനന്ദനങ്ങൾ ആശംസകൾ നേരുന്നു.



**സെപ്റ്റംബർ 8 അമ്മയോടൊപ്പം**

സെപ്റ്റംബർ 8-ാം തിയതി പരിശുദ്ധ അമ്മയുടെ ജനന തിരുന്നാൾ നമ്മൾ ആഘോഷിക്കുമ്പോൾ എല്ലാവർക്കും തിരുന്നാളിന്റെ മംഗളങ്ങൾനേരുന്നു. എട്ടാം തീയതി വൈകുന്നേരം ആറുമണിക്ക് ആഘോഷമായിട്ടുള്ള വി. കുർബാന തുടർന്ന് ജപമാലപ്രദക്ഷിണം, നൊവേന, വളയും മുടിയും എടുക്കൽ, നേർച്ച എന്നിവ ഉണ്ടായിരിക്കുന്നതാണ്. അന്നേ ദിനത്തെ പ്രധാന പരിപാടികൾ എല്ലാം നേതൃത്വം വഹിക്കുന്നത് നമ്മുടെ ഇടവകയിലെ അമ്മമാരായിരിക്കും.

**സെപ്റ്റംബർ 5 ഗുരുവന്ദനം**

സെപ്റ്റംബർ അഞ്ചാം തീയതി അധ്യാപക ദിനം ആഘോഷിക്കുമ്പോൾ നമ്മുടെ ഇടവകയിലെ എല്ലാ അധ്യാപകരെയും നമുക്ക് പ്രത്യേകം അനുസ്മരിക്കുകയും അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം. നമ്മുടെ ജീവിതത്തിൽ നമുക്ക് അറിവ് പകർന്ന് എല്ലാ അധ്യാപകരെയും നമുക്ക് പ്രത്യേകം ഓർക്കുകയും അവരെ അനുമോദിക്കുകയും ചെയ്യാം.

## SMYM NEWS

1. A member of Jesus Youth leads the youth catechism, which covers the subject of passing along the faith.
2. Following that, we greet our new father and the newcomers with flowers.
3. Binto, Roshan, and Aldrin have been elected as new members to find sponsors for the future Carlo events.
4. We have attended every funeral and expressed our condolences.
5. Jofna Alice won first place in the Tamil short story category.
6. Jofna Alice won first prize in the Tamil Prose Poem competition.
7. Taliya Don took third place in the English short story category.
8. Merin Paul took third place in the English short poetry category.
9. Elocution Results First place: Tanya Siju | Second place: David George | Third place: Martin
10. Gandhipurem SMYM held a carlo ring tennis event on the grounds of Alvernia School, and our brave girls took first, second, and third place.
11. Our boys team finished third in the Carlo volley ball event hosted by Viswasapuram.
12. The practice of the kho kho (boys and girls) and tug of war is started in mary rani school ground

# MEMBERS OF PRATHINITHI YOGAM 2023-2025

| | | |
|---|---|---|
| 1 Rev. Fr. Shajan Cheeramban | Parish Vicar | 8637623121 |
| 2 Rev. Fr. Joseph Ariyappallil MCBS | Parish Assistant Vicar | 9446926203 |
| 3 Mr Hinson PK | Parish Kaikkaran | 9442629152 |
| 4 Mr Polson CF | Parish Kaikkaran | 9843111247 |
| 5 Mr Francis P Varghese | Parish Kaikkaran | 9843234107 |
| 6 Mr Saji Issac | Accountant | 6379027187 |
| 7 Mr. A R Jose | Pastoral Council Secretary | 9745728882 |
| 8 Mr George ER | Roopatha Pastoral Council | 9442161222 |
| 9 Mrs Sherly Varghese | Roopatha Pastoral Council | 9486965266 |
| 10 Mr Joe Kuriakose | Roopatha Pastoral Council | 9384967650 |
| 11 Mr Antony CG | Forane Pastroral Council | 9789613531 |
| 12 Mrs Baby Davis | Forane Pastroral Council | 9566315702 |
| 13 Mr Roshan Benny | Forane Pastroral Council | 9994455204 |
| 14 Mr Benny Thomas T. | Construction Committee | 9443239695 |
| 15 Mother Rose | Mary Rani Convent | 4222529493 |
| 16 Sr Jis Mathew | Mary Rani School | 9092452052 |
| 17 Mr Sijo Jose | Parish Internal Auditor | 9944551415 |
| 18 Mr Shaju AG | PTA | 9003364414 |
| 19 Mr Antony PK | St. Alphonsa Unit | 9487225270 |
| 20 Mr Shaju EE | St. Alphonsa Unit | 9894119010 |
| 21 Mr Johnson OJ | St. Francis Xavier | 9944627010 |
| 22 Mrs Maggie Sunny | St. Francis Xavier | 9943549737 |
| 23 Mr Babu Antony | St. Joseph | 9994355589 |
| 24 Mrs Jyothi Francis | St. Joseph | 9940439194 |
| 25 Mr Roy Joseph | St. Mary's | 9244222521 |
| 26 Mr Rani Prakash | St. Mary's | 9363141208 |
| 27 Mr Raynold PB | St. Paul | 9994022294 |
| 28 Mr Jincy Antony | St. Paul | 9042585057 |
| 29 Mr Denny Anthappan | St. Thomas | 9790696745 |
| 30 Mr Sheeba Mary | St. Thomas | 7708109280 |
| 31 Mr Johnson CJ | St. Vincent de Paul | 9363124354 |
| 32 Mrs Adline Sunil | St. Vincent de Paul | 9443505913 |

| | | |
|---|---|---|
| 33 Mr Joy CV | St Antony | 9894445848 |
| 34 Mrs Rini Sijo | St Antony | 9894452677 |
| 35 Mr Sunoj VG | St George | 9884180760 |
| 36 Mrs Gracy Antony | St George | 8190838395 |
| 37 Mr Paul Kavungal | St. Sebastian | 9092608939 |
| 38 Mrs Smiji | St. Sebastian | 9043043211 |
| 39 Mr Antony Jacob | St John Maria Vianney | 9842047363 |
| 40 Mrs Rosy | St John Maria Vianney | 9791468284 |
| 41 Mr Inasu CC | St Peter | 9363260818 |
| 42 Mr Melvin Paul | St Peter | 9344961921 |
| 43 Mr Digil George | Church Choir | 7708883261 |
| 44 Mr Jose CL | Pithrusangam | 9443889579 |
| 45 Mrs Alpha Vincent | Mathrusangam | 8903401627 |
| 46 Mr Alwin James | SMYM | 9677450314 |
| 47 Mr Antony EJ | Prayer Group | 8903765771 |
| 48 Mr P.A. Davis | Swanthanam Social Service | 9894326669 |
| 49 Mr E J Vincent | Court Affiars | 9843057467 |
| 50 Mr Micheal CC | Kendra Committee | 9442846330 |
| 51 Mr Joffy Jose | Lourde Voice | 9894187184 |
| 52 Mr John Paul | Catechism | 9500672669 |
| 53 Rev. Fr. Dearin | Nominated Member | 8682814166 |
| 54 Mr C C Prince | Nominated Member | 9894495946 |
| 55 Mr Thomas Prabhu | Nominated Member | 9092226026 |
| 56 Mr Vincent Vellanikkaran | Nominated Member | 9442001627 |
| 57 Mr David George | Nominated Member | 9597565405 |
| 58 Hema Varghese | Nominated Member | 9442651992 |
| 59 Meenu John | Nominated Member | 9843578015 |
| 60 Fenila Joju | Nominated Member | 9486034489 |
| 61 Paul Mathew | Nominated Member | 8098380558 |
| 62 Mr AG Varghese | Nominated Member | 9842218161 |
| 63 Mr James M A | Nominated Member | 9843316164 |
| 64 Mr C J Francis | Nominated Member | 9629701111 |
| 65 Mr Co Poulose | Nominated Member | 9944524924 |
| 66 Mr V M Antony | Nominated Member | 9843330740 |

# A Day with Divine Mercy

| | |
|---|---|
| Sep. 6 Francis T.D | St. Mary's Unit |
| Sep. 7 Clara Antony | St. Mary's Unit |
| Sep. 8 Joy Antony. A | St. Mary's Unit |
| Sep. 9 Latika James | St. Mary's Unit |
| Sep. 10 SUNDAY | |
| Sep. 11 Joseph Stanislaus | St. Mary's Unit |
| Sep. 12 Mary Joseph | St. Mary's Unit |
| Sep. 13 Lawrence Thomas | St. Mary's Unit |
| Sep. 14 Mary Johny | St. Mary's Unit |
| Sep. 15 Antony Leslie | St. Mary's Unit |
| Sep. 16 Cicily Jose | St. Mary's Unit |
| Sep. 17 SUNDAY | |
| Sep. 18 Kuriakose.K.S | St. Mary's Unit |
| Sep. 19 Maggie.P.L | St. Mary's Unit |
| Sep. 20 James.P.C | St. Mary's Unit |
| Sep. 21 Benny Thomas | St. Mary's Unit |
| Sep. 22 Francis.A.A | St. Mary's Unit |
| Sep. 23 Antony Joseph | St. Mary's Unit |
| Sep. 24 SUNDAY | |
| Sep. 25 George. P.C | St. Mary's Unit |
| Sep. 26 Jose.K.V | St. Mary's Unit |
| Sep. 27 Jacob John | St. Mary's Unit |
| Sep. 28 Rappai.T.I | St. Mary's Unit |
| Sep. 29 Daisy Poulose | St. Mary's Unit |
| Sep. 30 Johnson.A.D. | St. Mary's Unit |
| Oct. 01 SUNDAY | |
| Oct. 02 John Thomas | St. Mary's Unit |





| | |
|---|---|
| Oct. 03 Joy Joseph | St. Mary's Unit |
| Oct. 04 Roy Joseph | St. Mary's Unit |
| Oct. 05 Rosy.P.V. | St. Mary's Unit |
| Oct. 06 Rani Prakash | St. Mary's Unit |
| Oct. 07 Jilcy Stanley | St. Mary's Unit |
| Oct. 08 SUNDAY | |
| Oct. 09 Tresa Thomas | St. Mary's Unit |
| Oct. 10 Hema Varghese | St. Mary's Unit |
| Oct. 11 Thomas.P.C | St. Mary's Unit |
| Oct. 12 John Britto | St. Mary's Unit |
| Oct. 13 Antony Poruthur | St. Thomas Unit |
| Oct. 14 James P J | St. Thomas Unit |
| Oct. 16 Elsy Antony | St. Thomas Unit |
| Oct. 17 Elizabeth Jose | St. Thomas Unit |
| Oct. 18 Francis Chungath | St. Thomas Unit |
| Oct. 19 Fenila Joju | St. Thomas Unit |
| Oct. 20 Gracy Joy | St. Thomas Unit |
| Oct. 21 Benny Velukkaran | St. Thomas Unit |
| Oct. 23 James Meethi Arackal | St. Thomas Unit |
| Oct. 24 Jose Tathrathilponmani | St. Thomas Unit |
| Oct. 25 Joby Olakkengal | St. Thomas Unit |
| Oct. 26 Mary Anthappan | St. Thomas Unit |
| Oct. 27 Mary Joseph Erienjeri | St. Thomas Unit |
| Oct. 28 Mary Vazhapily | St. Thomas Unit |
| Oct. 30 Peter Kurusingal | St. Thomas Unit |
| Oct. 31 Sunny Chungath | St. Thomas Unit |
| Nov. 1 Sunny Tathrathilponmani | St. Thomas Unit |
| Nov. 2 Vincent Paloly | St. Thomas Unit |

# Lourdes Forane Church Condemns Attacks On Manipur People And Churches Dt 02.07.2023




**Alter boys feast celebration dt 20.08.2023**



**Gandhipuram Forane Priests Meet Dt 11.07.2023**



# Cml Tableau and Eating Contest Dt 13.08.2023
























Diocese of Ramanathapuram SMYM
Volleyball Competition Our Church
Won Third Place Dt 23.07.2023



അൾത്താര ബാലന്മാർ അവരുടെ
സ്വർഗ്ഗീയ മധ്യസ്ഥനായ
സെൻറ് ജോൺ ബാർക്കുമസ്സിന്റെ
തിരുനാൾ ആഘോഷം



മാതൃവേദി ആനിമേറ്റർ
സി. റോസ്.എഫ്.സി.സിയുടെ
നാമഹേതുക തിരുനാൾ
ആഘോഷം. (23.08.23.)

## We paid last tribute to Mother of Sr. Lisa George dt 15.08.2023



## St John Maria Vianney Feast Celebration & Priests Meet Dt 02.08.2023

















രൂപത മാതൃവേദിയുടെ നേതൃത്വത്തിൽ നടന്നപ്രതിഷേധ റാലിയിൽ പങ്കെടുത്ത അമ്മമാർ








WEDDINGS
by
JOS ALUKKAS
A TRADITION OF FINE JEWELLERY

SHUBHA
MANGALYAM
2023

FESTIVE EDITION

Pre book your jewellery now!

# Eden Boutique

*We make your big day more beautiful...*








Specialist on all kinds of bridal bouquets,
Welcome bouquets, Net and satin garlands,
Holy communion candles ,tiara ,veil and pocket broches,
Baptism sets, bride's Maids/flower girls bouquets and wreaths.








Owner : Sowmya
Whatsapp/call for orders
9994448097

BHAARATH™

Lion D. JOHNSON., ITES (DIP)
Cell : 98430 - 18011
Shop : 95853 - 33778

# BHAARATH ELECTRICAL INDUSTRY



78, New Scheme Road, P.N. Palayam,
Coimbatore - 641 037









RYJU. A.J

98946 55227

# XFORD SYSTEMS

SMART COMPUTER SOLUTIONS




**DESKTOP / LAPTOP / PROJECTOR**

• Sales • Service • Accessories

Battery / Keyboard / Screen / Software / Speed Upgradation and Genuine Spares with Warranty

69, SRP Annexe , MTP Road (Opp. KVB Bank),
Kavundampalayam, Coimbatore - 30.
**Phone : 0422 4399566, 2431048, 98946 55227, 98943 75585**
Mail : xfordsystems@gmail.com

**IMPORTED USED LAPTOPS (i5 / i7)**

Premium Quality and Affordable Price

**SMART CLASSROOM AND SMART BOARD 65" / 75" / 86"**


3 yrs Warranty / Service Support

SCHOOL
OFFICE

Teaching | Training | Presentation

www.xfordsystems.co.in

SINCE - 2005


Death Anniversary
"I am the resurrection
and the life".
Those who believe in me,
even though
they die, will live.
(John.11:25)
C.A. Francis
Died: 08.10.1983
Philomina Francis
Died: 18.10.2013
By Sorrowing Family
Great Grand Children
Abijith, Aloysius Antony, Andrea Tresa, Daarshik


1st Year Death Anniversary
Mr. Raju.T.J
Thattil House
St.Vincent De Paul unit
Born:11.06.1965
Death: 26.10.2022
"We believe that Jesus died and rose again,
even so, through Jesus, God will bring with
him those who have died".
1 Thessalonians 4:14
By Sorrowing Family Members.

# 43rd

## Death Anniversary






# T. A. LONAPPAN

Thathrathil Ponmani House
P. N Palayam, Coimbatore-37

He who belives in the Son of God has eternal life (Jn.33)





## 3nd Death Anniversary

"I am the resurrection
and the life.
Anyone who believes in
me will live,
even if he dies (John 11:25)

Born 02.03.1945
Death: 06.09.2020



# K.M. Antony (അന്തോണി മാഷ്)

Kottapadiyil House
St. Paul's Unit

*Sorrowing Family Members*

## 2nd Death Anniversary



# A.G.Peter

*Arackal House*

**BIRTH: 28.03.1947**
**DEATH: 28.09.2021**



*Sorrowing Family Members*

## 16 th Death Anniversary

11.10.2023





# P.J. CHAIDHANYA

(Chaidhu Mol)

**Padignarae Mangalashaery**

**Born: 10.11.1986** **Died: 11.10.2007**

*'O" Lord receive our Prayer for the soul of our Beloved Chaidhu Mol.
Grant her Eternal Rest by the Merciful Forgiveness through
Our Lord Jesus Christ, May her soul rest in peace forever.
Amen.*

*By Sorrowing Family*

# ലൂർദ്ദ് വോയ്സ് കമ്മിറ്റി 2023 – 2026


സി. മേഴ്സിറ്റ FCC


അജിമോൾ ആന്റണി


ദീപ ബിജു


ടീന ഫെലിക്സ്


ഫെനില ജോജു


സി. ജി. ആന്റണി


ജോഫി ജോസ്


Shaju A George
Director - Business Development
Mob: +91 9003364414

ALERT SECURITY MART

179, N.G. Narayanasamy Road,
New Siddhapudur, Coimbatore - 641 044
Tamil Nadu, India., Ph: 0422 4383800
E-Mail: shaju@alertsecuritymart.com web: alertsecuritymart.com

Godrej | CP PLUS | alhua | HIKVISION | Ravel | DSC | SIEMENS | ERREKA | Honeywell

CCTV | BIO METRIC ATTENDANCE/ ACCESS CONTROL| FIRE / BURGLAR ALARM | HOME AUTOMATION


## 3rd In Loving Memory on Death Anniversary





*"He who believe in the son of God has eternal Life"*
*John 3-36*

## Mr. P. D Antony & Mrs. Lilly Antony

| | |
|---|---|
| Born: 02.10.1937 | Born: 11.07.1947 |
| Died: 17.09.2020 | Died: 12.09.2020 |

*Puthur House (St. George Unit)*

*A tribute of love from family members*


In Loving Memory on
5th Death Anniversary
13.09.2023
N.J. JOJU
S/o John Nilayattingal
Bloomed : 01.12.1969
Withered: 13.09.2018
" For their souls were pleasing to the Lord, therefore he took them quickly from the midst of wickedness." Wisdom 4:14
Missing You !
Sorrowing Family Memmbers

# സംഘടനാവാർത്തകൾ

**പിതൃവേദി**

പിതൃവേദിയുടെ നേതൃത്വത്തിൽ ഇടവകയിലെ നിർധനരായ കുടുംബങ്ങളിലെ വിദ്യാർഥികൾക്കുള്ള വിദ്യാഭ്യാസ സഹായം ജൂലൈ മാസം ആദ്യ ആഴ്ചയിൽ വിതരണം ചെയ്യുകയുണ്ടായി. പിതൃ വേദിയിലെ അംഗങ്ങൾ തന്ന സംഭാവന ഇടവകയിലെ 28 ഓളം കുടുംബ ങ്ങൾക്ക് നൽകുകയുണ്ടായി. നമ്മളുടെ കുഞ്ഞുമക്കളുടെ പഠനത്തിനായി സഹായഹസ്തം നീട്ടിയ എല്ലാ പിതൃവേദി അംഗങ്ങൾക്കും നന്ദി രേഖ പ്പെടുത്തുന്നു. നല്ല ദൈവം എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ഓഗസ്റ്റ് മാസം രണ്ടാം തീയതി വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുന്നാളിനോട് അനുബന്ധിച്ച് ഫൊറോനാ തലത്തിലെ പുരോഹിത സംഗമം പിതൃവേദിയുടെ നേതൃത്വത്തിൽ നടത്തപ്പെടുകയുണ്ടായി. ഗാന്ധിപുരം ഫൊറോനയിൽ നിന്നുള്ള 16 വൈദികർ ഈ സംഗ മത്തിൽ പങ്കെടുത്തു. അന്നേ ദിവസം വൈകുന്നേരം ആറുമണിയോട് കൂടി ആരംഭിച്ച പുരോഹിത സംഗമം എല്ലാ വൈദികരും ചേർന്നുള്ള വിശുദ്ധ ബലിയോടു കൂടി ആരംഭിച്ചു. ഇതിനുശേഷം നടന്ന പൊതു സമ്മേളന ത്തിൽ വൈദികരെ ആദരിക്കുകയും ഇടവക പിതൃവേദിയുടെ നേതൃത്വ ത്തിലുള്ള സ്കിറ്റ് അവതരിപ്പിക്കുകയുണ്ടായി. പ്രാർത്ഥനാ നൃത്ത ത്തോടെ ആരംഭിച്ച ചടങ്ങിൽ ശ്രീമതി അജിമോൾ ആന്റണി, ശ്രീമതി ദീപ ബിജു എന്നിവർ അവതാരകരായി. പൊതുസമ്മേളനത്തിൽ ബഹുമാന പ്പെട്ട വൈദികർക്കൊപ്പം തന്നെ പിതൃവേദി പ്രസിഡൻറ് ശ്രീ CL ജോസ്, കൈക്കാരൻ ശ്രീ P.V ഫ്രാൻസിസ്, മദർ സുപ്പീരിയർ സിസ്റ്റർ റോസ് FCC എന്നിവരും വേദിയിൽ സന്നിഹിതരായിരുന്നു. പൊതുസമ്മേളനത്തിൽ പരിപാടിയുടെ കോഡിനേറ്റർ ആയ ശ്രീ E.R ജോർജ് സ്വാഗതം ആശംസി ക്കുകയും. ഇടവക വികാരി ബഹുമാനപ്പെട്ട ഷാജൻ ചീരമ്പൻ അച്ചൻ അധ്യക്ഷ പ്രസംഗം നടത്തുകയും ചെയ്തു. പൊതുസമ്മേളനത്തിൽ മറുപടിപ്രസംഗം ബഹുമാനപ്പെട്ട വൈദികരുടെ ഭാഗത്തുനിന്നും രാമനാഥപുരം രൂപത മുൻ വികാരി ജനറാളും കൗണ്ടം പാളയം ഇടവക വികാരിയുമായ ബഹുമാനപ്പെട്ട ജോർജ് നരിക്കുഴി അച്ചൻ നടത്തു കയുണ്ടായി. മേരി റാണി കോൺവെൻറ് മദർ സുപ്പീരിയർ സിസ്റ്റർ റോസ് FCC ആശംസകൾ അർപ്പിക്കുകയും പിതൃവേദി സെക്രട്ടറി ശ്രീ. റോമിയോ അലോഷ്യസ് എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും

ചെയ്തു. വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ കാലഘട്ടത്തിൽ നടന്ന യഥാർത്ഥ സംഭവത്തെ സ്കിറ്റ് ആക്കി രൂപപ്പെടുത്തിയത് ബഹുമാനപ്പെട്ട ഇടവകവികാരി ഫാ.ഷാജൻ അച്ചനായിരുന്നു. ഈ കഥ സംവിധാനം ചെയ്ത് അണിയറയിൽ അവതരിപ്പിച്ച ശ്രീ E.E ഷാജുവിനും ഇതിൽ അഭിനയിച്ച എല്ലാ കഥാപാത്രങ്ങൾക്കും പിതൃവേദിയുടെ പേരിലും ഇടവകയുടെ പേരിലും നന്ദി രേഖപ്പെടുത്തുന്നു.

**മാതൃവേദി**

**മാതൃദിനം**

സെപ്റ്റംബർ 8-ാം തിയ്യതി മാതാവിന്റെ പിറവിതിരുനാളും മാതൃദിനവും സംയുക്തമായി ആഘോഷിക്കുന്നു. 8-ാം തിയ്യതി വൈകീട്ട് 6 മണിക്ക് വി. കുർബാന തുടർന്ന് പള്ളിചുറ്റി ജപമാലപ്രദക്ഷിണം. അമ്മമാരുടെ കാഴ്ചസമർപ്പണം ഉണ്ടായിരിക്കുന്നതാണ്. പുതിയ യൂണിഫോം സാരി അന്ന് എല്ലാവരും ധരിച്ചുവരേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു.

**മെഗാ മാർഗ്ഗം കളി 2023**

മാതൃദിനത്തോടനുബന്ധിച്ച് മാതൃവേദിയുടെ നേതൃത്വത്തിൽ നമ്മുടെ ഇടവകയിലെ അമ്മമാരെയും യുവതികളെയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു മെഗാമാർഗം കളി സെപ്റ്റംബർ 10-ാം തിയ്യതി ഞായറാഴ്ച രണ്ടാമത്തെ ദിവ്യബലിക്കുശേഷം നടത്തപ്പെടുന്നു. ഇതിന് നേതൃത്വം നൽകുന്നവർക്കും ഇങ്ങനെ ഒരാശയം നൽകിയ ബഹു വികാരിയച്ചനും നന്ദിപറയുന്നു. ഇതിൽ പങ്കെടുക്കുന്ന എല്ലാ കലാകാരികൾക്കും അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

**ജനറൽ ബോഡി മീറ്റിംഗിൽ കൃത്യത**

മാതൃവേദിയുടെ ജനറൽബോഡി മീറ്റിംങ്ങുകളിൽ കൂടുതൽ അമ്മമാർ പങ്കെടുക്കണമെന്ന ഒരു നല്ല ഉദ്ദേശ്യത്തോടുകൂടി രൂപതയുടെ നിയമാവലി അനുസരിച്ച് സെപ്റ്റംബർ മാസം മുതൽ കൃത്യമായ കാരണങ്ങൾ കൂടാതെ തുടർച്ചയായി നാലുതവണ (മാസം) മുടങ്ങുന്നവർക്ക് താൽക്കാലികമായി അംഗത്വം നഷ്ടപ്പെടുന്നതാണ്. കൂടാതെ സംഘടന നൽകുന്ന ആനുകൂല്യങ്ങളും നഷ്ടപ്പെടുന്നു. എല്ലാ അമ്മമാരും മുടങ്ങാതെ പങ്കെടുക്കണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു. പ്രായാധിക്യം, രോഗാവസ്ഥ, ഞായറാഴ്ചജോലി ഇങ്ങനെയുള്ള വരെ സംഘടന പരിഗണിക്കുന്നതാണ്.

**വിനോദ യാത്ര**

അമ്മമാരുടെ മാനസിക ഉല്ലാസത്തിനായി ഇടവകമാതൃവേദിയുടെ

നേതൃത്വത്തിൽ കര-ജല- വ്യോമയാത്ര ഗോവയിലേക്ക് നവംബർ 19-ാം തിയ്യതി പോകുവാൻ തീരുമാനിച്ചിരിക്കുന്നു. 74 പേർ ഈ യാത്രയിൽ പങ്കെടുക്കുന്നു.

**സിമിത്തേരി ക്ലീനിംങ്ങ്:**

എല്ലാ മാസവും നാലാമത്തെ വ്യാഴാഴ്ച അമ്മമാരുടെ പ്രാർത്ഥനയും ക്ലീനിംങ്ങും സിമിത്തേരിയിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്. എല്ലാവരും തന്നെ സഹകരിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു. പങ്കെടുക്കുന്ന എല്ലാ വർക്കും നന്ദി പറയുന്നു.

**പ്രതിഷേധ റാലി**

രാമനാഥപുരം രൂപത മാതൃവേദിയുടെ നേതൃത്വത്തിൽ മണിപ്പൂരിൽ നട ക്കുന്ന കലാപങ്ങൾക്കും, സ്ത്രീത്വം  അപമാനിക്കപ്പെട്ടതിനെതിരെയും, ഭരണകൂടത്തിന്റെ നിസ്സംഗതക്കെതിരെയും ആരാധനയും, പ്രതിഷേധ റാലിയും രാമനാഥപുരം കത്തീഡ്രൽ ദേവാലയത്തിൽ വച്ച് 24.7.23 ന് നടത്തപ്പെട്ടു. ഇടവയിൽ നിന്നും 14 അമ്മമാർ പങ്കെടുത്തു.

**ഫൊറോനതല സെമിനാർ**

29.7.23 ശനിയാഴ്ച ഫൊറോനതല സെമിനാർ നമ്മുടെ ഇടവകയിൽ വച്ച് നടത്തപ്പെട്ടു. "നവ മാദ്ധ്യമ കാലത്തെ മാതൃശുശ്രൂഷ" എന്ന വിഷ യത്തെകുറിച്ച് അഡ്വ. ശ്രീമതി ഉണ്ണിമാഗി ബൈജു ക്ലാസ്സെടുത്തു. നമ്മുടെ ഇടവകയിൽ നിന്ന് 65 അമ്മമാർ പങ്കെടുത്തു.

**നാമഹേതുക തിരുന്നാൾ**

ആഗസ്റ്റ് ഇരുപത്തിമൂന്നാം തിയ്യതി ആനിമേറ്റർ ബഹു. സിസ്റ്റർ റോസിന്റെ നാമഹേതുക തിരുന്നാൾ ആഘോഷിച്ചു.

വൈകിട്ടുള്ള വി. കുർബാനക്കുശേഷം ബഹു. വികാരിയച്ചന്റെയും, കൊച്ചച്ചന്റെയും സാന്നിദ്ധ്യത്തിൽ ഭാരവാഹികളും, അംഗങ്ങളും ചേർന്ന് കേക്കുമുറിക്കുകയും സിസറ്ററിന്  ആശംസകൾ നേരുകയും ചെയ്തു.

# ഓർമ്മിക്കേണ്ട ദിവസങ്ങൾ

**സെപ്റ്റംബർ 2023**

01. എട്ടുനോമ്പാരംഭം

05. കൊൽക്കൊത്തായിലെ വി. തെരേസ

08. പരി. കന്യകാമറിയത്തിന്റെ ജനനത്തിരുനാൾ

13. വി. ജോൺ ക്രിസോസ്തോം

14. വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ

21. വി. മത്തായി ശ്ലീഹ

27. വി. വിൻസെന്റ് ഡി പോൾ

29. മാലാഖമാരായ മിഖായേൽ, ഗബ്രിയേൽ, റാഫായേൽ

30. വി. ജെറോം

**ഒക്ടോബർ 2023**

01 വി. കൊച്ചുത്രേസ്യ

02 കാവൽമാലാഖ

04 വി. ഫ്രാൻസിസ് അസ്സീസി

06 ആദ്യവെള്ളി

14 ആവിലായിലെ വി. ത്രേസ്യ

16 വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ

17 അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസ്

18 വി. ലൂക്കാ സുവിശേഷകൻ

22 വി. ജോൺ പോൾ രണ്ടാമൻ

മിഷൻ ഞായർ

28 ശിമയോൻ, യൂദാതദേവൂസ് ശ്ലീഹന്മാർ.

## സഭാ വാർത്തകൾ

1. ഒക്ടോബറിൽ വത്തിക്കാനിൽ നടക്കാനിരിക്കുന്ന മെത്രാന്മാരുടെ സിനഡിൽ പങ്കെടുക്കുന്നവരുടെ പേരുവിവരം പ്രസിദ്ധീകരിച്ചു. ആകെ 364 പേർ പങ്കെടുക്കുന്ന സിനഡിൽ മലയാളി മെത്രാൻമാർ ഉൾപ്പെടെ പത്തുപേരാണ് ഇന്ത്യയിൽ നിന്നുള്ളത്. സീറോമലബാർ സഭയിൽനിന്ന് മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി, ആർച്ച് ബിഷപ്പുമാരായ മാർ ആൻഡ്രൂസ് താഴത്ത്, മാർ ജോസഫ് പാംപ്ലാനി എന്നിവർ പങ്കെടുക്കും.

2. ഒക്ടോബറിൽ വത്തിക്കാനിൽ നടക്കുന്ന സിനഡിൽ കേരളത്തിൽ നിന്ന് മെത്രാന്മാർക്കു പുറമേ മൂന്നു പേർകൂടി പങ്കെടുക്കും. മാനന്തവാടി രൂപതാംഗമായ ഫാ. സിജീഷ് പുല്ലംകുന്നേൽ, കൊച്ചി സ്വദേശിനി സിസ്റ്റർ ടാനിയ ജോർജ്, ചങ്ങനാശേരി സ്വദേശി മാത്യു തോമസ് പാറക്കാട് എന്നിവർക്കാണു സിനഡിൽ പങ്കെടുക്കാൻ അവസരം ലഭിച്ചത്. മൂന്നുപേരും സിനഡിൽ പങ്കെടുക്കുന്നത് ഭാരതസഭയെ പ്രതിനിധീകരിച്ചല്ല എന്ന പ്രത്യേകതയുമുണ്ട്.

3. ആഗസ്റ്റ് ഒന്നു മുതൽ ആറ് വരെ ലിസ്ബണിൽ നടക്കുന്ന മുപ്പത്തിയേഴാമത് ലോകയുവജന ദിനത്തോട് അനുബന്ധിച്ച് പ്രത്യേക സ്റ്റാമ്പും തപാൽ മുദ്രയും വത്തിക്കാന്റെ തപാൽ വിഭാഗം പുറത്തിറക്കി. 1985-ൽ വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ മാർപാപ്പയാണ് ആഗോള യുവജന സംഗമത്തിന് തുടക്കമിട്ടത്. 2019ൽ പനാമയിലാണ് ഏറ്റവും ഒടുവിലായി ലോക യുവജന സംഗമം നടന്നത്.

4. ഏഷ്യൻ രാജ്യമായ മംഗോളിയയിലേക്കുള്ള ഫ്രാൻസിസ് പാപ്പയുടെ അപ്പസ്തോലിക സന്ദർശനത്തിന്റെ ഔദ്യോഗിക ചിഹ്നവും ആപ്തവാക്യവും വത്തിക്കാൻ പ്രസിദ്ധീകരിച്ചു. 'ഒരുമിച്ച് പ്രത്യാശിക്കുക' എന്നതാണ് ഇത്തവണത്തെ അപ്പസ്തോലിക യാത്രയുടെ ആപ്തവാക്യം. മംഗോളിയയുടെ ദേശീയപതാകയുടെ നിറങ്ങളായ ചുവപ്പും നീലയും ഉപയോഗിച്ച് വരച്ചിരിക്കുന്ന മംഗോളിയൻ ഭൂപടമാണ് അപ്പസ്തോലിക യാത്രയിലെ ഔദ്യോഗികചിഹ്നം.

5. വിശ്വാസ സംരക്ഷണത്തിന് വേണ്ടിയുള്ള വത്തിക്കാൻ ഡിക്കാസ്റ്ററിയു ടെ അധ്യക്ഷനായി അർജന്റീനിയൻ ആർച്ച് ബിഷപ്പ് ഡോ. വിക്ടർ മാനുവൽ ഫെർണാണ്ടസിനെ ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. അറുപത്തിയൊന്നുകാരനായ പുതിയ പ്രീഫെക്ട് ഫ്രാൻസിസ് പാപ്പയുടെ സ്വകാര്യ ദൈവശാസ്ത്രജ്ഞനും എഴുത്തുകാരനുമാണ്. പുതിയ ഉത്തരവാദിത്വത്തി

നൊപ്പം പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷന്റെയും ഇന്റർനാഷണൽ തിയോളജി കമ്മീഷന്റെയും പ്രസിഡന്റായും അദ്ദേഹം പ്രവർത്തിക്കും.

6. മെത്രാന്മാരുടെ ഡിക്കാസ്റ്ററിയുടെ അണ്ടർ സെക്രട്ടറിയായി മോൺ. ഇവാൻ കോവാക്കിനെ ഫ്രാൻസിസ് പാപ്പ നിയമിച്ചു. പതിനൊന്നു വർഷങ്ങളായി മെത്രാന്മാരുടെ തിരുസംഘത്തിൽ സേവനം ചെയ്തു വരികയായിരിന്നു അദ്ദേഹം. 1978 മാർച്ച് 28ന് ബോസ്നിയ ഹെർത്സെ ഗൊവിനയിൽ ജനിച്ച അദ്ദേഹം മോസ്റ്റർ ദുവ്നോ രൂപതയ്ക്കു വേണ്ടി 2003 ജൂലൈ 5 നാണ് വൈദികനായത്.

7. ജനീവയിലെ ഐക്യരാഷ്ട്ര സഭയുടെ ഓഫീസിലും, ലോക വ്യാപാര സംഘടനയുടെയും ലോക പ്രവാസി സംഘടനയുടെയും വത്തിക്കാൻ സ്ഥിരം നിരീക്ഷകനായി ആർച്ച് ബിഷപ്പ് എറ്റോർ ബാലെസ്ട്രെറോയെ ഫ്രാൻസിസ് പാപ്പ നിയമിച്ചു. ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോയിലെ അപ്പസ്തോലിക് ന്യൂൺഷ്യോയായി സേവനം ചെയ്തുവരികെയാണ് പുതിയ നിയമനം ആർച്ച് ബിഷപ്പിന് ലഭിച്ചിരിക്കുന്നത്.

8. മലങ്കര സുറിയാനി കത്തോലിക്ക സഭ തിരുവനന്തപുരം മേജർ അതിരൂപതാംഗമായ മോൺ. ഡോ. ജോർജ്ജ് പനംതുണ്ടിലിനെ ഖസാക്കിസ്ഥാനിലെ അപ്പസ്തോലിക് ന്യൂൺഷ്യോയായി ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ നിന്ന് വത്തിക്കാൻ അംബാസിഡറായി നിയമിക്കപ്പെടുന്ന പ്രഥമ വൈദികനാണ് നിയുക്ത അപ്പസ്തോലിക് ന്യൂൺഷ്യോ.

9. അരുണാചൽ പ്രദേശിലെ ഇറ്റാനഗർ രൂപതയുടെ ദ്വിതീയമെത്രാനായി മലയാളിയായ ഫാ. ബെന്നി വർഗീസ് ഇടത്തട്ടേലിനെ ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. നാഗാലാൻഡിലെ കോഹിമ രൂപതയ്ക്കുവേണ്ടി ശുശ്രൂഷ ചെയ്തു വരികെയാണ് കോതമംഗലം രൂപതാംഗമായ ഫാ. ബെന്നി വർഗീസിന് പുതിയ ദൗത്യം ലഭിച്ചിരിക്കുന്നത്. നിലവിലെ ഇറ്റാനഗർ ബിഷപ്പ് ഡോ. ജോൺ തോമസ് കാട്ടറുകുടിയിൽ നൽകിയ രാജി ഫ്രാൻസിസ് മാർപാപ്പ സ്വീകരിച്ചതോടെയാണു പുതിയ നിയമനം.

10. ഒഡീഷയിലെ ബാലസോർ രൂപതയുടെ മൂന്നാമത്തെ മെത്രാനായി മലയാളിയായ ബിഷപ്പ് ഡോ. വർഗീസ് തോട്ടങ്കര ചുമതലയേറ്റു. 2019ൽ അന്തരിച്ച മലയാളിയായ ബിഷപ് ഡോ. സൈമൺ കൈപ്പുറത്തിന്റെ പിൻഗാമിയായാണു ബിഷപ്പ് ഡോ. വർഗീസ് തോട്ടങ്കര ബാലസോർ രൂപതയുടെ അധ്യക്ഷനായി ചുമതലയേറ്റത്.

11. ഫ്രാൻസിസ് മാർപാപ്പ തന്റെ പുതിയ പേഴ്സണൽ സെക്രട്ടറിയായി അർജന്റീനിയയിലെ ബ്യൂണസ് അയേഴ്സിൽ നിന്നുള്ള വൈദികനെ നിയമിച്ചു. നാൽപ്പതു വയസ്സുള്ള ഫാ. ഡാനിയൽ പെല്ലിസണിനെയാണ്

നിയമിച്ചതെന്ന് ബ്യൂണസ് അയേഴ്സ് ആർച്ച് ബിഷപ്പ് മോൺസിഞ്ഞോർ ജോർജ് ഗാർസിയ മാധ്യമങ്ങളെ അറിയിച്ചു.

12. അമേരിക്കയിലെ ഏറ്റവും വലിയ അതിരൂപതയായ ലോസ് ആഞ്ചലസ് അതിരൂപതക്കു നാല് പുതിയ സഹായ മെത്രാന്മാരെ ഫ്രാൻസിസ് മാർ പാപ്പ നിയമിച്ചു. അതിരൂപതയിലെ 4.3 ദശലക്ഷത്തിലധികം കത്തോലിക്കരെ നയിക്കുന്നതിനു ആർച്ച് ബിഷപ്പ് ജോസ് ഗോമസിനെ സഹായിക്കാൻ മോൺ. ആൽബർട്ട് ബഹൂത്ത്, ഫാ. മാത്യു എൽഷോഫ്, ഫാ. ബ്രയാൻ നൂൺസ്, ഫാ. സ്ലോവോമിർ സ്ക്രെഡ്ക എന്നിവരെയാണ് പാപ്പ നിയമിച്ചിരിക്കുന്നത്. ഇതോടെ ലോസ് ആഞ്ചലസ് അതിരൂപതയിലെ ആകെ സഹായ മെത്രാൻമാരുടെ എണ്ണം ആറായി ഉയരും.

13. പശ്ചിമേഷ്യയിലെ ഏറ്റവും വലിയ ദേവാലയമെന്ന പദവി ഈജിപ്തിൽ പണികഴിപ്പിക്കപ്പെട്ട സെന്റ് സൈമൺ ദ ടാണർ എന്ന കോപ്റ്റിക് ദേവാലയത്തിന് സ്വന്തം. രാജ്യ തലസ്ഥാനമായ കെയ്റോയിൽ പണികഴിപ്പിച്ച ദേവാലയത്തിൽ ഇരുപതിനായിരത്തോളം ആളുകളെ ഉൾക്കൊള്ളാൻ കഴിയും. പത്താം നൂറ്റാണ്ടിൽ ഈജിപ്തിൽ ജീവിച്ച വിശുദ്ധ ശിമയോന്റെ പേരാണ് ദേവാലയത്തിന് നൽകിയിരിക്കുന്നത്. സബലീനെന്ന് വിളിക്കപ്പെടുന്ന മാലിന്യം ശേഖരിച്ച് ഉപജീവനമാർഗ്ഗം നടത്തുന്ന ഒരു കൂട്ടം ആളുകളാണ് ദേവാലയം നിർമ്മിച്ചത് എന്നത് ശ്രദ്ധേയമാണ്.

14. ലഹരിക്ക് അടിമപ്പെട്ടവരുടെ മോചനത്തിനു വേണ്ടി ശക്തമായ ഇടപെടൽ നടത്തി ഏറെ ശ്രദ്ധ നേടിയ കത്തോലിക്ക സന്യാസിനി മദർ എൽവീര പെട്രോസി നിത്യതയിൽ. ഓഗസ്റ്റ് മൂന്നാം തീയതി ഇറ്റലിയിലെ സലൂസോയിൽവെച്ചായിരുന്നു അവരുടെ അന്ത്യം. ലഹരിക്ക് അടിമപ്പെട്ടവരുടെ മോചനത്തിനു വേണ്ടി 1983-ൽ സിസ്റ്റർ ആരംഭിച്ച കമ്മ്യൂണിറ്റോ സെനാക്കോളോ എന്ന സ്ഥാപനത്തിന് ഇന്നു ഇരുപതോളം രാജ്യങ്ങളിൽ എഴുപത്തിരണ്ടോളം ശാഖകളാണുള്ളത്.

15. 151 രാജ്യങ്ങളിൽ നിന്നായി ലക്ഷകണക്കിന് യുവജനങ്ങൾ പങ്കെടുത്ത ആഗോള കത്തോലിക്ക യുവജന സംഗമം പോർച്ചുഗലിലെ ലിസ്ബൺ നഗരത്തിൽ നടന്നു. സംഗമത്തിൽ ഇന്ത്യയിൽ നിന്ന് മലയാളികൾ ഉൾപ്പെടെ ആയിരത്തോളം പേർ പങ്കെടുത്തു. ഇതാദ്യമായാണ് ലിസ്ബൺ ലോക യുവജന സംഗമത്തിന് വേദിയാകുന്നത്. “മറിയം എഴുന്നേറ്റ് ധൃതിയിൽ പുറപ്പെട്ടു” (ലൂക്ക 1:39) എന്ന ബൈബിൾ വാക്യമാണ് ഇക്കൊല്ലത്തെ യുവജന ദിനത്തിന്റെ മുദ്രാവാക്യമായി ഫ്രാൻസിസ് പാപ്പ തിരഞ്ഞെടുത്തിരുന്നത്.

16. അടുത്ത ആഗോള യുവജന ദിനാഘോഷം 2027ൽ ദക്ഷിണ കൊറിയയിലെ സിയോളിൽ നടക്കുമെന്ന് ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ചു.

ഇത്തവണ പോർച്ചുഗലിലെ ലിസ്ബണിൽ നടന്ന ആഗോള കത്തോലിക്ക യുവജനസംഗമത്തിൽ ആയിരത്തിലധികം കൊറിയൻ കത്തോലിക്കർ പങ്കുചേർന്നിരിന്നു.

ദക്ഷിണ കൊറിയയിൽ ഏകദേശം അറുപതു ലക്ഷം കത്തോലിക്കരാണു ള്ളത്. രാജ്യത്തെ മൊത്തം ജനസംഖ്യയുടെ 11% ആണ് കത്തോലിക്ക വിശ്വാസികളുടെ എണ്ണം.

17. പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിന്റെ മുൻ സെക്രട്ടറിയും സ്ലോവാക്യായിലെ ഗ്രീക്ക് കത്തോലിക്ക സഭയുടെ കൊസിഷെ രൂപതാ ധ്യക്ഷനുമായ ആർച്ചുബിഷപ്പ് സിറിൽ വാസിലിനെ എറണാകുളം- അങ്ക മാലി അതിരൂപതക്കുവേണ്ടിയുള്ള പൊന്തിഫിക്കൽ ഡെലഗേറ്റായി ഫ്രാൻ സിസ് മാർപാപ്പ നിയമിച്ചു.

18. ജീവനെതിരേ നടക്കുന്ന അതിക്രമങ്ങളിൽ പ്രതികരിക്കുന്നതിനും ഭ്രൂണഹത്യ എന്ന മഹാതിന്മക്കെതിരേ ശബ്ദിക്കുന്നതിനുമായി 2022-ൽ ആരംഭിച്ച 'ഇന്ത്യ മാർച്ച് ഫോർ ലൈഫ്' പ്രോലൈഫ് റാലിക്ക് അടുത്ത വർഷം തൃശൂർ അതിരൂപത ആതിഥേയത്വം വഹിക്കും. സിബിസിഐ പ്രസിഡന്റും തൃശൂർ അതിരൂപത ആർച്ച്ബിഷപ്പുമായ മാർ ആൻഡ്രൂസ് താഴത്തിന്റെ ആഗ്രഹപ്രകാരമാണ് മൂന്നാമത് പ്രോലൈഫ് റാലി തൃശൂരിൽ നടത്താൻ തീരുമാനമായത്.

19. മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ സമർപ്പിച്ച 164 സംവരണേതര വിഭാഗങ്ങളുടെ പട്ടികയിൽ 163-ാമതുള്ള സിറിയൻ കാത്തലിക് (സീറോ മലബാർ കാത്തലിക്) എന്നത് സീറോ മലബാർ സിറിയൻ കാത്തലിക് എന്നാക്കി മാറ്റി. ഇതുസംബന്ധിച്ച് പ്രിൻസിപ്പൽ സെക്രട്ടറി ഉത്തരവിറക്കി. സീറോ മലബാർ സഭയിലെ ക്നാനായ കാത്ത ലിക്, ദളിത് കാത്തലിക്, നാടാർ കാത്തലിക് എന്നിവർ ഒഴികെയുള്ള അംഗങ്ങളെ സൂചിപ്പിക്കുന്നതിനാണ് സീറോ മലബാർ സിറിയൻ കാത്ത ലിക് എന്ന പേര്.

20. ചെറുപുഷ്പ മിഷൻ ലീഗ് സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ മിഷൻ ലീഗ് സ്ഥാപക നേതാവ് പി.സി. ഏബ്രഹാം പല്ലാട്ടുകുന്നേൽ (കുഞ്ഞേട്ടൻ) അനുസ്മരണ സമ്മേളനവും പുരസ്കാര വിതരണവും പാലാ രൂപതയിലെ ചെമ്മലമറ്റം ശാഖയിൽ നടന്നു. ഉദ്ഘാടനവും പുരസ് കാര വിതരണവും സീറോ മലബാർ സഭ കൂരിയ ബിഷപ്പ് മാർ സെബാ സ്റ്റ്യൻ വാണിയപ്പുരയ്ക്കൽ നിർവഹിച്ചു. തലശേരി അതിരൂപതാംഗമായ ഏലിക്കുട്ടി എടാട്ടിനാണ് ഇത്തവണത്തെ കുഞ്ഞേട്ടൻ പുരസ്കാരം.




STRENGTH :B +G
PRESENT :B +G


STRENGTH :B +G
PRESENT :B +G


CLASS
DATE
STRENGTH :B +G
PRESENT :B +G


CLASS :
DATE :
STRENGTH :B +G
PRESENT :B +G


Praise


Praise

# ജപമാലയുടെ പ്രസക്തി ഇന്ന്





ബേബി ഡേവിസ്

കൊന്തയിലെ പ്രാർത്ഥനകൾ പലപ്രാവശ്യം ആവർത്തിക്കുമ്പോൾ അത് വിരസമായി ചിലപ്പോൾ തോന്നാം. പക്ഷേ നമ്മുടെ ജീവിതത്തിലേക്ക് ഒന്നു കണ്ണോടിച്ചു നോക്കൂ. സ്നേഹമുള്ള മക്കൾ അമ്മയെ എത്രപ്രാവശ്യം വിളിച്ചാലും അമ്മയ്ക്കു മടുപ്പു തോന്നാറില്ല. മറിച്ച് അമ്മക്ക് മക്കളോടുള്ള സ്നേഹം വർദ്ധിക്കുന്നു. ഇതുപോലെ തന്നെയാണ് ജപമാലയുടെ കാര്യത്തിലും, സ്നേഹത്തോടും ഭക്തിയോടും കൂടി നാം വീണ്ടും വീണ്ടും അമ്മയെ വിളിച്ച് പ്രാർത്ഥിക്കുമ്പോൾ അമ്മക്ക് നമ്മോടുള്ള സ്നേഹം കൂടുന്നു. അപ്പോൾ ജപമാല നമുക്ക് വിരസമായി അനുഭവപ്പെടുകയില്ല. മറിച്ച് അമ്മയോടുള്ള സ്നേഹത്തിന്റെ അഗാധങ്ങളിലേക്ക് നാം നടന്നടുക്കുന്നു.

പരിശുദ്ധ ദൈവമാതാവുവഴി മനുഷ്യമക്കളെ ദൈവവുമായി യോജിപ്പിക്കുന്ന സ്വർണ്ണമാലയാണ് ജപമാല. മാനവരാശിയുടെ വീണ്ടെടുപ്പിൽ സഹായിച്ച മറിയം ജീവിതത്തിലെ ഏതു തുറയിലുമുള്ളവർക്കും ആശ്രയവും തുണയുമാണ്. ഗബ്രിയേൽ ദൈവദൂതന്റെ മറിയത്തോടുള്ള അഭിവാദനവും പരിശുദ്ധാത്മാവിൽ പരിപൂരിത

യായ എലിസബത്തിന്റെ ആശംസയുമെല്ലാം കൂട്ടിച്ചേർത്തിണക്കിയ ഒരു സുകൃത പുഷ്പഹാരമാണ് ജപമാല.

പോൾ ആറാം മാർപാപ്പ പറയുന്നു, ധ്യാനാത്മകമല്ലാത്ത ജപമാല ആത്മാവില്ലാത്ത ശരീരംപോലെയാണ്. ജപമാല വഴി പരിശുദ്ധമറിയത്തോട് നാം അടുത്തു കഴിയുമ്പോൾ ഈശോ നമ്മിൽ ജനിക്കുന്നു. ഈശോ നമ്മിൽ ജനിക്കുമ്പോൾ മറിയത്തിനുണ്ടായ അതേ അനുഭവം നമുക്കും ഉണ്ടാകും. നമ്മളും മറിയത്തെപ്പോലെ മറ്റുള്ളവർക്കുവേണ്ടി സേവനം ചെയ്യാൻ നിർബന്ധിതരാകുന്നു. അങ്ങനെ നമ്മുടെ ജീവിത തുറകളിൽ സ്നേഹവും സഹകരണവും പരസ്പര അംഗീകാരവും വളരും. വി. ജോൺ മരിയ വിയാനി പറയുന്നതുപോലെ, മറിയത്തിന് സമർപ്പിക്കാവുന്നതിൽ വച്ച് ഏറ്റവും മനോജ്ഞമായ ഒരു പ്രാർത്ഥനാഹാരമാണ് ജപമാല.

മംഗളവാർത്ത മുതൽ ക്രിസ്തുവിന്റെ പരസ്യജീവിതം, മരണം, ഉയിർപ്പ്, സ്വർഗ്ഗാരോഹണം വരെയുള്ള രക്ഷാകര രഹസ്യങ്ങൾ ജപമാലയിൽ നാം ധ്യാനവിഷയമാക്കുന്നു. ജപമാല, രക്ഷകനായ ക്രിസ്തുവിനെ സംബന്ധിച്ച് വിശ്വാസ സത്യങ്ങളുടെ സംഗ്രഹവും, രക്ഷാകരചരിത്രത്തിന്റെ ഒരു ചുരുങ്ങിയ വിവരണവും സർവ്വോപരി ഒരു ധ്യാനപ്രാർത്ഥനയുമാണ്.

സമാധാനത്തിന്റെ മൂലക്കല്ലിളകിയിരിക്കുന്ന ഈ നൂറ്റാണ്ടിൽ ജപമാലയെ സമാധാനത്തിന്റെ ഉപകരണമായിട്ടാണ് പരിഗണിക്കുന്നത്. പരിശുദ്ധ അമ്മ ദൈവജനത്തിന്റെ മുഴുവനും അമ്മയാണ്. തന്നോടൊപ്പം ജീവിത യാത്രയിൽ തന്റെ മക്കളെ കാണാതാകുമ്പോൾ ആ അമ്മയുടെ ഹൃദയം വേദനിക്കുന്നു. അതിനാൽ ആ അമ്മയുടെ സ്നേഹത്തിലും സംരക്ഷണത്തിലും നിന്നകന്നുപോകാതെ ജപമാലഭക്തിയിലൂടെ നമുക്ക് അമ്മയോടൊത്ത് യേശുവിലേക്ക് നടന്നടുക്കാം.

# செப்டம்பர் 8: ஆசீர்வதிக்கப்பட்ட கன்னி மரியாவின் பிறப்பு விழா



Mrs. Deepa Anand

கத்தோலிக்க திருச்சபை புனிதர்கள் ஜோகிம் மற்றும் அன்னா ஆகியோரின் குழந்தையாக டிசம்பர் 8 ஆம் தேதி மாசற்ற கருத்தரித்ததைக் கொண்டாடிய ஒன்பது மாதங்களுக்குப் பிறகு, செப்டம்பர் 8 ஆம் தேதி ஆசீர்வதிக்கப்பட்ட கன்னி மேரியின் பிறந்த நாளைக் கொண்டாடுகிறது.

கன்னி மேரியின் மேரியின் பிறப்பு பைபிளில் ஆவணப்படுத்தப்படவில்லை, ஆனால் அவள் பிறப்பதற்கு முன்னும் பின்னும் நடந்த நிகழ்வுகளின் அதிகாரபூர்வ கணக்குகள் "ப்ரோட்டோவாஞ்சலியம் ஆஃப் ஜேம்ஸ்" இல் பதிவு செய்யப்பட்டுள்ளன. ஆனால் இது கிறிஸ்தவ பக்தியின் வளர்ச்சியை பிரதிபலிக்கிறது. இந்த கணக்கின்படி, அன்னா மற்றும் ஜோகிம் மலட்டுத்தன்மையுள்ளவர்கள்.ஆனால் குழந்தைக்காக பிரார்த்தனை செய்கிறார்கள். உலகத்திற்கான கடவுளின் இரட்சிப்பின் திட்டத்தை முன்னெடுக்கும் ஒரு குழந்தையின் வாக்குறுதியை அவர்கள் பெறுகிறார்கள். இத்தகைய கதை, பல விவிலிய சகாக்களைப் போலவே, ஆரம்பத்திலிருந்தே மேரியின் வாழ்க்கையில் கடவுளின் சிறப்பு இருப்பை வலியுறுத்துகிறது.

வழிபாட்டு நாட்காட்டியில் மூன்று பிறந்த நாள்கள் மட்டுமே உள்ளன: மேரி, இயேசு மற்றும் ஜான் பாப்டிஸ்ட். பொதுவாக, ஒரு துறவியின் விருந்து தினத்தை அவர்கள் இறந்த தேதியில் கொண்டாடுவது வழக்கம், அது அவர்கள் நித்திய வாழ்வில் "பிறப்பை" குறிக்கிறது. இருப்பினும், மேரி பாவம் செய்யாத உலகத்தில் நுழைந்தார் **("மாசற்ற கருத்தரிப்பு").** அவள் உலக இரட்சகரின் தாயாகவும், எல்லா மனிதர்களுக்கும் ஆன்மீகத் தாயாகவும், கடவுளின் படைப்புகளில் புனிதமானவளாகவும் பிறந்தாள். மேரி மீட்கப்பட்டவர்களின் முதல் குழந்தை என்று அழைக்கப்படுகிறார், பாவத்தின் இருளில் நிழலாடிய உலகம் மரியாவின் வருகையுடன் ஒளியின் பிரகாசத்தைக் காண்கிறது. மேரி மூலம் உலகத்தின் ஒளியாகிய கிறிஸ்து வருகிறார். ஆசீர்வதிக்கப்பட்ட கன்னி இரட்சிப்பின் வரலாற்றில் ஒரு முக்கிய பங்கைக் கொண்டுள்ளது, மேலும் எந்தவொரு உயிரினத்திற்கும் இதுவரை பாராட்டப்படாத மிக உயர்ந்த பணி அவளுக்கு வழங்கப்பட்டது. கடவுளின் தாய் எங்கள் தாய் என்று மகிழ்ச்சியடைகிறோம். இன்றும் ஒவ்வொரு நாளும், ஆசீர்வதிக்கப்பட்ட கன்னியை **"நம்முடைய மகிழ்ச்சிக்கு காரணம்"** என்று அடிக்கடி அழைப்போம், இது அவரது வழிபாட்டின் மிக அழகான தலைப்புகளில் ஒன்றாகும்.

**புனிதர்**; கன்னி மரியா அனைத்து மனிதகுலத்தின் புரவலராக குறிப்பிடப்படுகிறார். எந்தவொரு நல்ல செயலுக்கும் புரவலர் (Patron Saint )

# Catechism News

A recitation competition from the books of the New Testament was conducted for students from class 1 to 5. The winners were awarded prizes on July 9th, 2023.Congraulations to all winners.

From July 19th to July 28th, 2023, our students presented an online YouTube program titled "Snehathinde Niradeepam" in celebration of the feast of St. Alphonsa. The program illuminated her life and the remarkable events therein. We extend our heartfelt gratitude to the Vicar, Assistant Vicar, Headmistress, students, teachers, and parents who provided support in coordinating this program.

On July 2nd, 2023, catechism students expressed their protest against the violence in Manipur and offered prayers for those affected.

The first CML activity took place on July 23rd, 2023, with Group 4 emerging as the victorious team. Congratulations team!

Bishop Mar Paul Alappat paid a pastoral visit to our church on July 30th, 2023. During the visit, a session was held for parents and students, during which he addressed their questions and concerns.

Catechism Bible quiz and children's ministry are scheduled for September 17th, 2023. All are requested to prepare and participate in the event.

Portions for bible quiz will be Luke 1-8 and 2 Corinthians 1-6

Logos quiz will be conducted on 24/9/2023.All students are requested to thoroughly prepare for this quiz.

The portions for logos quiz are

| | |
|---|---|
| Joshua13-24 | Sirach 27-33 |
| Luke 1-8 | 2 Corinthians 1-6 |

A groupwise tableau competition was held on August 13th, 2023. The results were as follows: Group 3 secured the first place, Group 2 secured the second place, and Groups 1 and 4 shared the third place. Congratulations to all the teams for their collective efforts!

The feast of St. John Berchmans was celebrated by the altar boys on August 20th, 2023. The day's events included a special Mass and an offertory. Additionally, a meeting was organized for both the altar boys and their parents.

On October 1st, we celebrate the feast of our heavenly patron, St. Theresa of Lisieux, for CML. Coinciding with this, it is also the mission month. We request all students to enthusiastically take part in and be actively involved in all the activities. Let's seek Saint Therese's intercession and imitate her unwavering trust in God's love.

First semester examination for standard I to XII will be held on 8th October 2023.All students are requested to prepare well for the exam.

Catechism Teachers retreat will be held on 2/10/2023.All teachers are requested to attend the retreat.

Competitions for catechism students will be conducted in Santhom pastoral centre on 28/10/2023.All students are requested to participated in the competitions.

On August 19th, 2023, a general meeting and the election of office bearers for the eparchial altar boys took place. 14 boys participated from our church. Cyril C P, of class 10th , was elected as the secretary of the eparchial altar boys.

CML eating competition was conducted in groups on 13/8/2023. Winners were:

| | |
|---|---|
| 1st place | group 1 (St Thomas) |
| 2nd place | group 4 (St Alphonsa) |
| 3rd place | group 3 (St Little flower) |

**Congratulations to all participants**

A children retreat program is planned for October 21st, 22nd, and 23rd. We

kindly ask all students to participate in the program.

Our heartfelt congratulations to Mr. Shaju Ainikkal who is elected as the Eparchial PTA Treasurer. May his journey be blessed by God as he embarks on new activities and responsibilities.


Below is the list of snack sponsors for the catechism students. We extend our prayers and well wishes to all the sponsors. May God bestow blessings upon you and your family.

| | | |
|---|---|---|
| 4/6/2023 | Kuravilangad Pilgrims | 1850 |
| 11/6/2023 | St. Antonys unit | Sponsor |
| 18/6/2023 | A parish Member | 2000 |
| 25/6/2023 | St. Pauls & St. Peters unit | Sponsor |
| 2/7/2023 | A G Shaju | 2000 |
| 9/7/2023 | Sijo John P | 2000 |
| 16/7/2023 | Sofy Varghese | 2000 |
| 23/7/2023 | St. Alphonsa unit | Sponsor |
| 30/7/2023 | Mary Jose | 2000 |
| 30/7/2023 | Sinto Davis | 2000 |
| 6/8/2023 | Digil Varghese | 2000 |
| 16/8/2023 | Roy Varghese | 2000 |
| 20/8/2023 | Leo Jose | 2000 |
| 27/8/2023 | A R Jose | 2000 |
| 27/8/2023 | M T Jose | 1000 |

KIDS CORNER

# Cain And Abel Crossword

## Fill the crosswords with the given hints




**Word List**

| | |
|---|---|
| Abel | brother |
| wander | sinned |
| farmer | shepherd |
| best | offering |
| heart | keeper |

Across

3. Cain worked the soil, he was a
4. God wants our ________ when we give to Him.
6. Abel knew this was important to God.
7. His offering was pleasing to God.
8. Cain did this when he killed his brother.
9. Abel watched the animals, he was this.

Down

1. Are you your brother's? ________
2. God didn't like Cain's attiude in his ________
4. How were Cain and Abel related?
5. Part of Cain's punishment was that he would ________ the earth

# Marian Knowledge

1. According to tradition, which house is believed to be the actual house where Mary lived and received the Annunciation?
   The Holy House of Loreto in Italy.
2. In 1987, which pope issued the encyclical "Redemptoris Mater," focusing on Mary’s role in the life of the Church?
   Pope John Paul II
3. What Byzantine icon of Mary depicts her holding the infant Jesus on her left arm and pointing to him with her right hand?
   The Hodegetria
4. Which Pope introduced the practice of consecrating the world to the immaculate Heart of Mary?
   Pope Pius XII
5. Which dogma declares that Mary was conceived in the womb of her mother without the stain of original sin?
   The Immaculate Conception.
6. According to tradition, at what age was Mary presented in the Temple in Jerusalem?
   Three years old.
7. What is the name of Mary's song of praise found in the Gospel of Luke, expressing her joy and humility?
   The Magnificat
8. What is the name of the spring at Lourdes, France, which is believed by many to have healing properties?
   "Lourdes Grotto" or "Grotto of Massabielle"
9. If you invoke the blessed Virgin when you are tempted, she will come at once to your help, and Satan will leave you. Whose words are these?
   Saint John Vianney
10. "The world being unworthy to receive the son of God directly from the hands of the Father, he gave his son to Mary for the world to receive him from her." Whose words are these?
    Saint Augustine

# SEPTEMBER 2023

| Sunday | Monday | Tuesday | Wednesday | Thursday | Friday | Saturday |
|---|---|---|---|---|---|---|
| | | | | | **1**<br>Rom 8:26-30<br>Mk 10:13-16 | **2**<br>2 Thess 3:13-18<br>Mk 2:13-17 |
| **3**<br>First Sunday of Elijah-Cross-Moses<br>Deut 6:20-25<br>Isa 31:4-9<br>2 Thess 1:3-10<br>Lk 18:35-43 | **4**<br>2 Cor 12:1-6<br>Lk 12:35-40 | **5**<br>St. Theresa of Calcutta<br>Jas 2:14-17<br>Mt 25:31-40 | **6**<br>Gal 4:8-11<br>Lk 12:41-48 | **7**<br>1 Pet 1:22-25<br>Lk 17:20-37 | **8**<br>The Nativity of Our Lady<br>Rev 12:1-6<br>Mt 1:1-16 | **9**<br>2 Pet 3:8-13<br>Mt 13:44-51 |
| **10**<br>Second Sunday of Elijah-Cross-Moses<br>Deut 7:7-11<br>Isa 30:18-26<br>2 Thess 2:14-3:3<br>Mt 13:1-9,18-2 | **11**<br>Rev 7:9-17<br>Mt 19:27-30 | **12**<br>2 Tim 2:14-17<br>Jn 16:20-24 | **13**<br>St. John Chrysostom<br>1 Tim1:3-11<br>Mt 7:1-6 | **14**<br>The Exaltation of the Cross<br>1Cor 1:18-25<br>Lk 24:13-27 | **15**<br>1 Pet 2:19-25<br>Lk 13:6-9 | **16**<br>1 Pet 2:11-19<br>Mt 8:5-13 |
| **17**<br>Thrid Sunday of Elijah-Cross-Moses<br>Deut 8:11-20<br>Isa 33:13-24<br>Phil 2:1-11<br>Mt 4:12-17 | **18**<br>Phil 4:10 -14<br>Mt 5:43-48 | **19**<br>2 Pet 3:1-7<br>Mt 23:29-36 | **20**<br>1 Thess 4:13-18<br>Mt 24:29-36 | **21**<br>St. Mathew, the Apostle<br>Heb 11:23-26<br>Mt 9:9-13 | **22**<br>2 Tim 2:1-7<br>Lk 4:31-37 | **23**<br>Col 1:24-29<br>Lk 15:1-7 |
| **24**<br>Fourth Sunday of Elijah-Cross-Moses<br>Deut 9:1-6<br>Isa 25:1-8<br>Phil 3:1-11<br>Mt 17:14-21 | **25**<br>1 Jn 5:13-21<br>Jn 8:39-47 | **26**<br>Rom 3:1-8<br>Mt 10:26-33 | **27**<br>St. Vincent De Paul<br>1 Cor 1:26-31<br>Mt 9:35-38 | **28**<br>2 Pet 2:20-22<br>Mt 11:11-19 | **29**<br>Archangels Michael, Gabriel and Raphael<br>Rev 12:7-12<br>Jn 1:43-51 | **30**<br>St. Jerome<br>Eph 3:14-19<br>Mt 18:1-5 |

# OCTOBER 2023

| Sunday | Monday | Tuesday | Wednesday | Thursday | Friday | Saturday |
|---|---|---|---|---|---|---|
| **1**<br>4th Sunday of Kaitha<br>Ex 19:1-8 + 20:18-21<br>Acts 1:15-26<br>Heb 12:18-29<br>Mt 17:1-9 | **2**<br>Acts 12:6-11<br>Mt 18:10-14 | **3**<br>Tit 2:11-14<br>Mk 9:42-48 | **4**<br>St. Francis Assisi<br>2 Thess 3:6-12<br>Lk 9:1-6 | **5**<br>2 Tim 3:1-7<br>Mt 8:1-4 | **6**<br>Tit 2:6-10<br>Lk 11:5-13 | **7**<br>2 Tim 4:6-8<br>Mt 26:6-13 |
| **8**<br>Sixth Sunday of Elijah-Cross-Moses<br>Deut 10:12-20<br>Isa 33:2-10<br>1 Cor 14:26-33<br>Mt 18:1-9 | **9**<br>2 Tim 2:8-13<br>Mk 6:18-29 | **10**<br>2 Tim 2:21-26<br>Mt 5:13-16 | **11**<br>Heb 2:1-4<br>Lk 20:20-26 | **12**<br>2Jn 4-11<br>Jn 5:39-47 | **13**<br>2 Tim 1:1-7<br>Lk 21:7-19 | **14**<br>2Tim 1:8-14<br>Lk 10:17-21 |
| **15**<br>Seventh Sunday of Elijah-Cross-Moses<br>Deut 11:1-9<br>Isa 40:12-17<br>2 Cor 2:12-17<br>Mt 20:1-16 | **16**<br>Bl. Thevarparampil Kunjachan<br>1 Pet 4:12-19<br>Jn 10:1-15 | **17**<br>Heb 4:1-11<br>Lk 11:14-23 | **18**<br>St. Luke the Evangelist<br>Col 4:10-15<br>Lk 10:1-9 | **19**<br>Heb 10:1-10<br>Lk 9:28-36 | **20**<br>1 Pt 3:1-7<br>Lk 20:27-40 | **21**<br>Phil 2:12-16<br>Jn 4:46-54 |
| **22**<br>Eighth Sunday of Elijah-Cross-Moses<br>Deut 11:26-32<br>Isa 41:1-7<br>Gal 5:16-26<br>Lk 8:41-56 | **23**<br>Heb 10:19-25<br>Mt 18:10-14 | **24**<br>Gal 6:11-18<br>Lk 4:38-44 | **25**<br>Heb 11:11-22<br>Lk 11:37-42 | **26**<br>Rom 14:10-13<br>Mt. 25:1-13 | **27**<br>Heb 2:5-9<br>Lk 16:1-8 | **28**<br>Sts. Simon and Jude, Apostles<br>Heb 12:1-11<br>Lk 9:18-20 |
| **29**<br>Ninth Sunday of Elijah-Cross-Moses<br>Deut 13:12-18<br>Isa 41:8-16<br>Gal 6:1-10<br>Mt 8:23-34 | **30**<br>Heb 2:10-18<br>Mt 24:3-14 | **31**<br>1 Thess 4:9-12<br>Jn 11:1-16 | | | | |

**K.J GEORGE**
Cell: 9865259919

Nirmala
# MATHA
CHITS (TAMIL NADU) PVT.LTD

0422 6506785
0422 2536785

**A.G. VARGHESE**

Phone : 0422-5514235
Mobile : 98422 18161

# ATHANIKKAL ENGINEERING

Manufactures of : M.V. Panel Boards, Changeovar Panel Boards
Sub Switch Boards, Motor Control Centres, Bus Ducts,
Generator Centrol Panel Boards, All Taxtile Control Panel Boards,
AMF Control Panels

No. 13, Industrial Estate (Near Gem), Ganapathy, Coimbatore - 641 006.

0422-2523645
94439 13645
94893 63377

# Divine

## Digital Diagnostics

(Centre for Accurate Clinical & Medical Investigations)

ISO 9001: 2015 Certified & AERB Govt. of India Approved Unit

டிவைன் இரத்தப் பரிசோதனை நிலையம்





**DIGITAL X-RAY, LAB & ECG**

WORKING HOURS: 7-AM TO 9-PM
SUNDAY 7-AM TO 1-PM

**MASTER HEALTH CHECKUP 50% OFF**

* HAEMATOLOGY * SEROLOGY * BIO CHEMISTRY * HORMONES * CLINICAL PATHOLOGY
*IMMUNOLOGY * ECG * MICROBIOLOGY * DIGITAL X-RAY (500MA) *MASTER HEALTH CHECKUP

Head office : 343, 3rd Street Exten., Gandhipuram Coimbatore-641012
Branch Office : 84, Amara Jeevanantham Road, Rathinapuri Coimbatore-641027
divinediagnoscbe@gmail.com

P.J. VARGHESE (JOBI)

✆ : 0422-2494007
98432 96007

JA

# JOSE AUTOMOBILES

MULTIBRAND FOUR WHEELER SERVICE

MECHANICAL, TINKERING, PAINTING, ELECTRICAL, UPHOLSTRY, ACCESSORIES
A/C, WATER SERVICE, INTERIOR CLEANING, INTERIOR ENRICHMENT

JB

# JB CABS

*Tours & Travel Operator*

*A/c Cars & Vans Available for Rent*
*Innova, Etios, Swift, Tempo Traveller, Swaraj Mazda*

205-A, 11th STREET, GANDHIPURAM, COIMBATORE - 12